**കേരള സർക്കാർ**
**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന - കോഴിക്കോട് നഗരസഭയുടെ ചെറുവണ്ണൂർ സോണൽ ഓഫീസിലെ ശ്രീ. എൻ.കെ. വിജയകുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവാകുന്നു.**

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1973/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 23.06.2016.

===========================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 19.08.2013-ലെ ഇ12 (എസ്.ഡി3/2013/എൻ.ആർ.കെ.) 12102/2013 നമ്പർ കത്ത്.
2) 26/2/2014 ലെ 70455/ഇയു2/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) പ്രതിവാദ പത്രികയിന്മേൽ ശ്രീ. എൻ.കെ. വിജയകുമാർ സമർപ്പിച്ച 29.04.2014 ലെ മറുപടി.
4) നഗരകാര്യ ഡയറക്ടറുടെ 17.10.2015-ലെ വി2-5545/14 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ ഡി & ഒ അപേക്ഷകളുടെ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്താതിരുന്നതിനും സ്റ്റോക്ക് രജിസ്റ്ററിൽ ഡി & ഒ ലൈസൻസ് അപേക്ഷമേലുള്ള ഫീസ് അശ്രദ്ധമായി കൈകാര്യം ചെയ്തതിനും ഉത്തരവാദിയായി കണ്ടെത്തിയ കോഴിക്കോട് നഗരസഭയുടെ ചെറുവണ്ണൂർ സോണൽ ഓഫീസിലെ 2-ാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.എൻ.കെ. വിജയകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ പരാമർശം (3) പ്രകാരം മറുപടി സമർപ്പിച്ചു. ആയതിന്റെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

27.02.2013-ന് അനുവദിച്ച ലൈസൻസിന്റെ 500 അപേക്ഷകൾ, 28.02.2013-ന് രാവിലെയാണ് ടിയാന് കിട്ടിയതെന്നും 28.02.2013 ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനാ സമയത്ത് ആയത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയിരുന്നതാണെന്നും, ഡി & ഒ ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള അവസാന ആഴ്ചയായതിനാലും ലൈസൻസുകളുടെ തിരക്കായതിനാലും, ജനന മരണ രജിസ്ട്രേഷന്റെയും ട്രഞ്ചിംഗ് ഗ്രൗണ്ടുമായി ബന്ധപ്പെട്ട് ജോലിത്തിരക്കു മൂലമാണ് ആയത് അന്നേ ദിവസം രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതെന്നും കൂടാതെ സോണൽ ഓഫീസിലെ ഇൻഡന്റ് രജിസ്റ്ററിലും കോർപ്പറേഷൻ ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയത് പരിശോധനാ സമയത്ത് അന്വേഷണ ഉദ്യോഗസ്ഥരെ

ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. ശ്രീ.എൻ.കെ. വിജയകുമാറിന്റെ മേൽ മറുപടി പരിഗണിക്കാവുന്നതാണെന്നും മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ കർശന നിർദ്ദേശം നൽകാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. എൻ.കെ. വിജയകുമാർ കുറ്റാരോപണ മെമ്മോയ്ക്കു സമർപ്പിച്ച മറുപടിയും ആയതിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച് വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം എന്ന കർശന നിർദ്ദേശം നൽകി ശ്രീ. എൻ. കെ. വിജയകുമാർ, ഹെൽത്ത് ഇൻസ്പെക്ടർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)**
**രത്നമ്മ. വി.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ശ്രീ. എൻ.കെ. വിജയകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ,
ചെറുവണ്ണൂർ സോണൽ ഓഫീസ്, കോഴിക്കോട് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (vide U.O 4758/D1/16/Vig. dated 20.05.2016
& vide letter No.10895/D/13/Vig. dated 22.10.2013).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**